പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1777 06.03.2017-ലെ മറുപടിക്ക്

## മൂന്നാറിൽ നിന്ന് സ്ഥാനിയ ബസ്

ചോദ്യം

ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാർ മുതൽ ബാംഗ്ലൂർ വരെയും മൂന്നാർ മുതൽ ചെന്നൈ വരെയും സ്ഥാനിയ ബസ് അനുവദിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | നിലവിൽ മൂന്നാർ - ബാംഗ്ലൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർ ഡീലക്സ് ഉപയോഗിച്ച് സർവ്വീസ് നടത്തി വരുന്നു. മൂന്നാറിൽ നിന്ന് ചെന്നൈയിലേക്ക് സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ബി) | എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ; | (ബി) | അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാലും ആവശ്യത്തിന് സ്ഥാനിയ ബസ്സുകൾ ലഭ്യമല്ലാത്തതിനാലും മൂന്നാർ - ചെന്നൈ റൂട്ടിൽ സർവ്വീസ് ആരംഭിക്കുവാൻ ഇപ്പോൾ കഴിയുകയില്ല. |
| (സി) | ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ? | (സി) | അന്തർ സംസ്ഥാന സർവ്വീസുകൾ അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ച് മാത്രമാണ് നടത്തി വരുന്നത്. നിലവിലുള്ള കരാർ വ്യവസ്ഥകൾ അനുസരിച്ച് മൂന്നാർ - ചെന്നൈ റൂട്ടിൽ സർവ്വീസ് ആരംഭിക്കുവാൻ ഇപ്പോൾ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ